# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1591** **15.02.2016 ൽ മറുപടിയ്ക്ക്**

## നെൽകൃഷിയിലെ പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ബി. അബ്ദുൽ റസാക്ക് :<br>ശ്രീ. എൻ. ഷംസുദ്ദീൻ :<br>ശ്രീ. സി. മോയിൻകുട്ടി :<br>ശ്രീ. എം. ഉമ്മർ : | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) നെൽവയലുകളുടെ വിസ്തൃതി ക്രമാതീതമായി കുറയുന്നതുമൂലമുണ്ടാകുന്ന കാർഷിക, പാരിസ്ഥിതിക, സാമ്പത്തിക പ്രശ്നങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ ; | (എ) ഉണ്ട്. |
| (ബി) നെൽവയലുകളുടെ വിസ്തൃതി കുറയാനിടയാക്കിയ ഘടകങ്ങൾ എന്തൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ ; | (ബി) നെൽ വയലുകൾ മറ്റാവശ്യങ്ങൾക്കായി നികത്തുന്നതിനാലാണ് ഓരോ വർഷം കഴിയുന്തോറും നെൽകൃഷിയുടെ വിസ്തൃതി കുറഞ്ഞു വരുന്നത്. മറ്റ് വിളകളെ സംബന്ധിച്ച് നെൽകൃഷിയുടെ ഉൽപ്പാദന ചിലവ് വളരെ കൂടുതലായതിനാൽ കർഷകർ ചിലവ് കുറഞ്ഞ മറ്റ് വിളകളിലേക്ക് പോകുന്നതും മറ്റൊരു കാരണമാണ്. |
| (സി) വായ്പയെടുത്ത് നെൽകൃഷി ചെയ്യുന്ന കർഷകർ, തൊഴിൽ മേഖലയിലും, സാമ്പത്തിക മേഖലയിലും, സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങളുടെ കാര്യത്തിലും കടുത്ത പ്രതിസന്ധി നേരിടേണ്ടി വരുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹാര നടപടികൾ സ്വീകരിക്കുമോ ; | (സി) സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങൾ കർഷകർക്ക് കൃത്യമായി യഥാസമയം നൽകി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**